

# തൂലിക

2023 -24

# എസ് എം വി
# എൻ എസ്എസ്എച്ച് എസ് എസ്
# കല്ലറ




ഒരു സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് വിദ്യാഭ്യാസം അനിവാര്യമാണെന്ന് മനസ്സിലാക്കിയ ഒരമ്മ . 1100 കാലഘട്ടത്തിൽ ഈ കല്ലറയിൽ ജീവിച്ചിരുന്നു.ഏടാട്ട് കാഞ്ഞിരംപറമ്പ് കുടുംബാംഗമായ മാണിക്യം അമ്മയായിരുന്നു ആ മഹത് വ്യക്തി.മാണിക്യതമ്മയുടെ നിർദ്ദേശപ്രകാരം ശ്രീ കെ ആർ കൃഷ്ണപിള്ളയാണ് ഈ സ്ക്രൂൾ നിർമ്മിച്ചത്.നാടിന്റെ വളർച്ചയ്ക്ക് വിദ്യാഭ്യാസത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് മാണിക്യമമ്മ തന്റെ മക്കളെയും മരുമക്കളെയും സഹകരിപ്പിച്ച ഇവിടെ ഒരു വിദ്യാലയം ആരംഭിക്കുന്നതിന് രൂപം നൽകി.
1948ൽ സ്ക്രൂൾ എൻഎസ്എസ് ഏറ്റെടുത്തു.
1952ൽ ഹൈസ്ക്രൂൾ ആയി ഉയർത്തി.
1998ൽ ഹയർസെക്കൻഡറി ബാച്ചുകൾ ആരംഭിച്ചു.

റവന്യൂ ജില്ല:കോട്ടയം ജില്ല:കോട്ടയം

വിദ്യാഭ്യാസ ജില്ല :കടുത്തുരുത്തി

ഉപജില്ല :കുറവിലങ്ങാട്

പ്രിൻസിപ്പാൾ :എൻ. ബിന്ദു

പ്രധാന അധ്യാപിക: രമാദേവി എസ്

# സമർപ്പണം

അക്ഷര വെളിച്ചത്തിലൂടെ അറിവിനെ
പ്രാപ്തമാക്കി തന്ന ഗുരുഭൃതന്മാർക്ക്.....
അന്ധകാരത്തിൽനിന്ന് തേജസിലേക്ക്
കൈപിടിച്ചുയർത്തിയ ഈ അക്ഷര
ക്ഷേത്രത്തിന്.......



# എഡിറ്റോറിയൽ

ഇരുട്ടിൽ  നിന്നും വെളിച്ചത്തിലേക്കുള്ള ഈ പ്രയാണത്തിൽ ഒരു കൈത്തിരി കൊളുത്തുകയാണിവിടെ.അറിവുകളുടെ വ്യാപ്തി കൂടിക്കൊണ്ടിരിക്കുകയാണ്.നേടിയ അറിവുകൾ പുറം ലോകത്തിന് പകർന്നു നൽകുക എന്നത് ഒരു യജ്ഞ കർമ്മമാണ്.  ഈ കർമ്മത്തിൽ പൂർണ്ണ മനസ്സോടെ ഞങ്ങളുടെ വിദ്യാലയവും പങ്കാളിത്തം വഹിക്കുന്നു. ഈ പരിപാവനമായ കർമ്മ പദ്ധതിയുടെ  ഭാഗമായി തീർന്നതിൽ നിന്നും ലഭിച്ച ഊർജ്ജം ചെറുതല്ല അതിൽ നിന്നും ആർജിച്ചെടുത്ത  അറിവിൻ്റെ വ്യാപ്തി ഈ താളുകളിൽ പ്രതിഫലിക്കുന്നുണ്ട്

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റേഴ്സ്



വസുദേവ് എം ആർ



തീർത്ഥ എസ് ജോളി



പാർവ്വതി ശ്യാം

## അസ്സോസിയേറ്റ് എഡിറ്റേഴ്സ്



മീര മുരളി



ഹർഷ ഹരിദാസ്



ദേവിക രതീഷ്

# മുൻ മൊഴി

ഇത് സൈബർലോകം. അറിവിനെ നിമിഷങ്ങളുടെ വേഗതയാണെന്ന് ഓർമ്മപ്പെടുത്തലുകളുടെ നാളുകൾ. ലോകം വിരൽത്തുമ്പിൽ ദൃശ്യമാകുമ്പോൾ നമുക്കും ഉയരാം സാങ്കേതികവിദ്യയുടെ പുത്തൻ സാമ്രാജ്യത്തിലേക്ക്......

കുട്ടികളുടെ സൈബർ നൈപുണ്യങ്ങൾ, തിരമൊഴികൾ എന്നിവ പുതു ലോകം തീർക്കണം. കാഴ്ചയുടെയും കേൾവിയുടെയും പുത്തൻ വാതായനങ്ങൾ തുറന്ന് അറിവിന്റെ വിഹായത്തിലേക്ക് ചിറകടിച്ചു പറക്കട്ടെ. നമ്മുടെ കുരുന്നുകൾ .......

അറിഞ്ഞവ അറിയാനിരിക്കുന്ന തിരിച്ചറിവ് ഓരോ ഡിജിറ്റൽ പേജുകളിലും പ്രതിബിംബിക്കുന്നു. നവ പ്രതിഭകളുടെ വിസ്മയ കാഴ്ചയിലേക്ക് ചേക്കേറാം......:

# ഉൾത്താളുകളിലൂടെ


1. തീയാട്ട് ........ 8
2. ഞാൻ കാത്തിരുന്ന പക്ഷി ........ 9
3. കർഷകന്റെ പരിഭ്രാന്തി ........ 10
4. മകളുടെ കാത്തിരിപ്പ് ........ 11
5. MOTHERHOOD ........ 12
6. സ്നേഹിക്കേണമെല്ലാവരും ........ 13
7. MY TRAVELOGUE ........ 14
8. ഭൂമിയുടെ നാളുകൾ ........ 15
9. ആന ........ 16
10. IMPORTANCE OF TECHNOLOGY IN EDUCATION........ 17
11. ഒരു കൊച്ചു പൂങ്കാവനം ........ 18
12. वे दिन ........ 19
13. എന്റെ പുലരികൾ ........ 20
14. ലഹരിവാഴുന്ന കേരളം ........ 21

# തീയാട്ട്

ദേവാലയങ്ങളിൽ നടത്തുന്ന ഒരു അനുഷ്ഠാനകലയാണ് 'തീയാട്ട്'.ഇത് പലവിധമുണ്ട്. അയ്യപ്പൻ തീയാട്ട്, ഭദ്രകാളിതീയാട്ട്, എന്നിവയാണ് പ്രധാന തീയാട്ട്. തീയാട്ട് ആയതെന്ന് സങ്കൽപ്പിക്കുന്നു.തീയാട്ട് എന്ന ചടങ്ങിൽ തീപ്പന്തം ഉഴിച്ചിലിന് പ്രാധാന്യം ഉള്ളതുകൊണ്ടാണ് ആ പേര് വന്നതെന്നും വാദമുണ്ട്. തീയാട്ടിന്റെ പ്രകടനത്തിന് കുറഞ്ഞത് മൂന്ന് പേർ വേണം. സന്ധ്യക്കുശേഷം പുണ്യാഹം കഴിച്ച് മുറ്റത്ത് കുളവാഴ നട്ടും. ഭദ്രകാളിയുടെ /അയ്യപ്പന്റെ രൂപം വിവിധ വർണ്ണങ്ങളിൽ കളമെഴുതും സംഘത്തിലെ പ്രധാന ഗുരുവാണ് വേഷം കെട്ടുക കാളംവര കഴിഞ്ഞാൽ ഇഷ്ടദേവതാ പ്രാർത്ഥന തുടങ്ങും വാദ്യമേളങ്ങളോടുകൂടിയ പന്തം കത്തിച്ച് പിടിച്ച് ഗാനം പാടിക്കൊണ്ട് നൃത്തം ചെയ്യുന്നു. കളമെഴുത്ത്, കഥാഭിനയം, കളം പൂജ, കളംപാട്ട്, കളത്തിലാട്ടം, തിരിയുഴിച്ചിൽ എന്നിവ തീയാട്ടിന്റെ മുഖ്യചടങ്ങുകളാണ്.



ഹർഷ ഹരിദാസ്

# ഞാൻ കാത്തിരുന്ന പക്ഷി



ഞാനൊരു ദിവസം മരച്ചുവെട്ടിൽ ഇരിക്കുകയാണ്. അപ്പോൾ ആ മരത്തിൽ ഒരു കിളിക്കൂട് ഉണ്ടായിരുന്നു. ആ കൂട്ടിൽ ഒരു അമ്മ പക്ഷിയും അതിന്റെ കുഞ്ഞും ഉണ്ടായിരുന്നു .അതിൽ ഒരു കുഞ്ഞ് താഴെ വീണു. ആ കുഞ്ഞിനെ ഞാൻ എടുത്തു കൊണ്ട് എന്റെ വീട്ടിൽ കൊണ്ടുപോയി. അതിന് ഭക്ഷണവും വെള്ളവും കൊടുത്തു അതിനെ പരിപാലിച്ചു എന്റെ പക്ഷി വന്നു പറഞ്ഞതുകൊണ്ട് ഞാൻ അതിനെ വളർത്തി. ഞാൻ അതിനു വേണ്ടി ഒരു ചെറിയ കൂടുണ്ടാക്കി അതിൽ ആ കുഞ്ഞ് പക്ഷിയെ ഇട്ടു. ആ കുഞ്ഞു കിളിക്ക് ഒരു പേരിട്ടു "മീനു" എന്നാണ് അവളുടെ പേര്. അവൾക്ക് ഞാൻ കഴിയുന്ന ഏത് ഭക്ഷണവും കൊടുക്കും അവൾ അതെല്ലാം കഴിക്കും അവൾ ഒരു തത്തമ്മയായിരുന്നു. അവൾ ഏറ്റവും കൂടുതൽ കഴിക്കുന്ന ഭക്ഷണം പഴം ആയിരുന്നു അവൾ ഞാൻ പറയുന്നതെല്ലാം അവളും പറയും അവൾ ഏറ്റവും കൂടുതലായി പറയുന്നത് "തത്തമ്മ പൂച്ച പൂച്ച "എന്നാണ് ഞാൻ അവളെ ഓമനിച്ചു വിളിക്കുന്നത് "ചക്കര തത്തമ്മേ......" എന്നാണ് അങ്ങനെ ഞാൻ മാത്രം വിളിച്ചാൽ വിളി കേൾക്കുകയുള്ളൂ അവൾ എന്നെ എന്റെ പേരാണ് വിളിക്കുന്നത്. അവളാണ് എന്നെ ഉറക്കത്തിൽ നിന്ന് ഉണർത്തുന്നത് പാട്ടുപാടിയാണ് ഉണർത്തുന്നത്. ഞാൻ എവിടെ പോയാലും എന്റെ കൂടെ കാണും.അവൾ പറന്നു മുകളിൽ ചെന്ന് മാങ്ങകൾ പറിച്ചു തരാറുണ്ട്. പച്ചയും പഴുത്തതും ആയ മാങ്ങകൾ മാങ്ങ മാത്രമല്ല മറ്റു പഴങ്ങളും പറിച്ചു തരും. ഞാൻ വീട്ടിൽ ഇല്ലാത്തപ്പോൾ അമ്മയാണ് അവളെ നോക്കുന്നത്. അമ്മയെയും അവൾക്ക് വളരെ ഇഷ്ടമാണ് അങ്ങനെ ഒരു ദിവസം വീട്ടിൽ ആരുമില്ലായിരുന്നു. അവളെ അന്ന് കാണാതായി ഞങ്ങൾ വീട്ടിൽ വന്നപ്പോൾ അവളെ കൂടിനുള്ളിൽ കണ്ടില്ല. അവളെ അവിടെ എല്ലായിടത്തും നോക്കി അവളെ എങ്ങും കണ്ടില്ല അവൾ എന്നും ഇരിക്കുന്നിടത്തും അവൾ പഴം കഴിക്കുന്നിടത്തും ഒക്കെ നോക്കി എന്നിട്ടും എങ്ങും കണ്ടില്ല. അങ്ങനെ അവളുടെ ഓർമ്മ മാത്രമായി അവൾ പാൽ കുടിക്കുന്നതും ഭക്ഷണം കഴിക്കുന്നതും എന്നെ ഉണർത്തുന്നു എല്ലാം എന്റെ ഓർമ്മ മാത്രമായി തീർന്നു എന്റെ മീനുവിനെ കാണണമെന്ന് എന്നും തോന്നും. അവളെ എനിക്ക് ഒരുപാട് ഇഷ്ടമായിരുന്നു. അവൾ എന്നെ എന്റെ പേര് വിളിക്കുന്നതും അവളെ ഞാൻ ഓമനിച്ചു വിളിക്കുന്നതും എല്ലാം എല്ലാം എന്റെ ഓർമ്മ മാത്രം. അവൾക്കു വേണ്ടി ഞാൻ കാത്തിരുന്നു എന്റെ കാത്തിരിപ്പ് മീനുവിന് വേണ്ടി.

സാവരിയ ശരത്

# കർഷകന്റെ പരിഭ്രാന്തി

പണ്ട് വളരെ പണ്ട് ഒരു ചെറിയ ഗ്രാമത്തിൽ ഒരു പാവപ്പെട്ട കർഷകൻ താമസിച്ചിരുന്നു. ആ കൊച്ചു ഗ്രാമത്തിൽ കുറെ കാലമായി മഴ പെയ്തിട്ടില്ല. ഗ്രാമത്തിൽ കുറെയധികം നാശനഷ്ടങ്ങൾ ഉണ്ടായി. ആ ഗ്രാമത്തിൽ തന്നെ താമസിച്ചിരുന്ന ഒരാളായിരുന്നു ശങ്കരൻ. ശങ്കരൻ വളരെ അധ്വാനശീലനായിരുന്നു.പക്ഷേ മഴയില്ല. അദ്ദേഹത്തിന് രണ്ട് മക്കൾ ഉണ്ടായിരുന്നു. മക്കളുടെ കാര്യങ്ങൾ നടത്തുന്നതിന് അദ്ദേഹം പ്രാപ്തനായിരുന്നു. വളരെ ഭംഗിയുള്ള ഒരു നാടായിരുന്നു ഗ്രാമം. പക്ഷേ മഴ ഇല്ലാത്തതിനാൽ അവിടെ മരങ്ങളും പൂക്കളും എല്ലാം ഉണങ്ങി പോയിരുന്നു. ആ നാട്ടിലെ ഒരു പുഴയിൽ വെള്ളം ഒഴുകിക്കൊണ്ടിരുന്നതാണ് പക്ഷേ ഇപ്പോൾ ആ പുഴയിൽ വെള്ളം വറ്റിവരണ്ടു പോയിരുന്നു.



അങ്ങനെ അങ്ങനെ കുറെ കാലം കഴിഞ്ഞുപോയി ആ നാട്ടിൽ ജനങ്ങൾ മഴയുടെ പെറ്റിനായി കാത്തിരിക്കുകയായി. എത്ര കാത്തിരുന്നിട്ടും മഴ വരുന്നില്ല പക്ഷേ മഴമേഘങ്ങൾ ഒരു മാമലയിൽ കുടുങ്ങി കിടക്കുകയാണ്. മഴമേഘങ്ങൾക്കു കർഷകർക്കും വളരെ സങ്കടമായി അവിടത്തെ കാലാവസ്ഥ കാരണം ജനങ്ങൾ വളരെ ബുദ്ധിമുട്ടുകയും ഓരോരുത്തരായി മരിക്കുകയും ചെയ്തു ആ ജനങ്ങളിൽ ഒരാളായിരുന്നു ശങ്കരൻ ശങ്കരൻ ഈ അവസ്ഥ കണ്ട് വളരെ ദുഃഖിതനായി മഴയില്ലെങ്കിൽ തന്റെ മക്കളെ എങ്ങനെ പോറ്റി വളർത്തും എന്നായി ശങ്കരൻ. അദ്ദേഹം സർവ്വ ദൈവങ്ങളെയും വിളിച്ചു പ്രാർത്ഥിച്ചു മനുഷ്യരുടേതു പോലെ തന്നെ മറ്റു ജീവജാലങ്ങളുടെയും ജീവൻ പാഴായി അവസാനിക്കുകയാണ് ഇത് കണ്ട് ജനങ്ങൾ ഒരു കൂട്ടം നടത്തി അതിൽ നമ്മുടെ ശങ്കരനും പങ്കുണ്ടായിരുന്നു അങ്ങനെ ശങ്കരനും ജനങ്ങളും രാജാവിനെ കാണാൻ തീരുമാനിച്ചു അങ്ങനെ മലകളും പറ്റിയ പുഴകളും താണ്ടി അവർ കൊട്ടാരത്തിൽ എത്തി അവർ രാജാവിനെ കണ്ടു തന്റെ വിഷമങ്ങൾ പരിഭ്രാന്തവും എല്ലാം തുറന്നു വെച്ച് പറഞ്ഞു രാജാവിന് കാര്യം മനസ്സിലായി തന്റെ ഭടന്മാരെ അദ്ദേഹം ജനങ്ങളുടെ നാട്ടിലേക്ക് പറഞ്ഞയച്ചു അവർ തിരിച്ചു വന്നത് ഒരു മോശ വാർത്തയും ആയിട്ടാണ് അവർക്ക് അത് കണ്ടുപിടിക്കാൻ ആയില്ല ജനങ്ങൾക്ക് വളരെ ദുഃഖം ആയത് അവസാനം ശങ്കരൻ തന്നെ മുന്നിട്ടിറങ്ങി രാജാവിനോട് പറഞ്ഞു ഞാൻ പോയി മേഘത്തെ കണ്ടു പിടിക്കാം എന്ന് അങ്ങനെ രാജാവ് അനുവാദം നൽകി രാജാവ് ഒമ്പത് ദിവസം ആണ് ശങ്കരന് നൽകിയത്. അങ്ങനെ അങ്ങനെ ശങ്കരൻ എട്ടാം ദിവസവും വന്നെത്തി. അവസാനത്തെ ഒരു വലിയ കുടിയേ ഇനിയുള്ള ശങ്കരൻ ആ മലപതിയെ കയറിത്തുടങ്ങി ശങ്കരൻ മലയുടെ മുകളിൽ എത്തി ശങ്കരൻ ചുറ്റും നോക്കി ആ മലയിൽ ഒരു മേഘം കുടുങ്ങി കിടക്കുന്നുണ്ടായിരുന്നു ശങ്കരൻ വളരെ സന്തോഷമായിരുന്നു ശങ്കരൻ തുള്ളിച്ചാടി കളിക്കുന്നു അങ്ങനെ ഗ്രാമത്തിൽ എത്തി അവിടത്തെ ജനങ്ങളോട് കാര്യം പറഞ്ഞു. മേഘം വളരെ പതുക്കെയാണ് വരുന്നത് എന്നൊക്കെ ജനങ്ങളോട് പോയി പറഞ്ഞു ജനങ്ങൾക്ക് വളരെ സന്തോഷമായി അവർ ശങ്കരനെ എടുത്തുയർത്തിയിട്ട് പറഞ്ഞു ശങ്കരൻ മഴകൊണ്ടു വന്നേ എന്ന് അത് കേട്ട് ശങ്കരന്റെ കുട്ടികൾ ഓടിവന്ന് ശങ്കരനെ കെട്ടിപ്പുണർന്നു ആ നാട്ടിൽ എല്ലാ ജനങ്ങളും തുള്ളിച്ചടി മഴ അവരുടെ ഗ്രാമത്തിൽ എത്തിച്ചേർന്നു മഴയുടെ ഒരു തുള്ളി വീണതും അവിടെ മുഴുവൻ പച്ചപ്പുതപ്പ് വിരിച്ചത് പോലെയായി വീണ്ടും പഴയ പച്ച വിരിച്ച പോലെ മഴയുടെ ഓരോ തുള്ളി വീഴുമ്പോഴും അവിടത്തെ ജീവജാലങ്ങൾക്കും കുട്ടികൾക്കും പുഴകൾക്കും അരുവികൾക്കും സന്തോഷം പറയാനായില്ല അത്രയും സന്തോഷമായിരുന്നു അവർക്ക്. പഴയതുപോലെതന്നെ എല്ലാം നോക്കി നടത്തി പോയി അവിടെ ഒരു ഉത്സവം പോലെയായി.

ആ ജനങ്ങൾ അവരുടെ പച്ചപ്പാടം തിരിച്ചുപിടിച്ചു........

രാഗശ്രീ. R

# മകളുടെ കാത്തിരിപ്പ്

ഇതൊരു പഴയ കഥയാണ് പണ്ട് അച്ഛനെ നഷ്ടമായ ഒരു കൊച്ചു പെൺകുട്ടിയുടെ കഥ ആ പെൺകുട്ടിയുടെ ആറാം വയസ്സിൽ അച്ഛൻ പട്ടാളത്തിനായി പോയി അമ്മയെയും അച്ഛനെയും ആ കുട്ടിക്ക് അന്നുമുതൽ നഷ്ടമായി ഇവിടെയാണ് കഥ തുടങ്ങുന്നത് രാഘ്വ എന്നാണ് ആ പെൺകുട്ടിയുടെ പേര് ജനിച്ചപ്പോൾ തന്നെ അവളുടെ അമ്മ മരിച്ചു എന്നാൽ അച്ഛൻ രാഹുവിന് ഒരു പ്രശ്നവും വരാതെ കാത്തുസൂക്ഷിച്ചു ആ കുട്ടിയുടെ ആറാം വയസ്സിൽ അവളുടെ അച്ഛനും ജോലിക്കായി പോകേണ്ടിവന്നു മുത്തശ്ശിയുടെ അടുത്ത് ആക്കിയാണ് പോയത് രാഗവിന്റെ ജീവിതം അവിടെയായി അവൾ ഓരോ വർഷവും അവളുടെ അച്ഛന് കത്തുകൾ അയക്കുമായിരുന്നു അങ്ങനെ ഒരുപാട് കത്തുകൾ അയച്ചു അവസാനം ഒന്നിനും ഒരു മറുപടി ലഭിക്കാനായി



അവൾക്കൊന്നും മനസ്സിലാകില്ല അവളുടെ അച്ഛൻ ഒരു വെടിവെപ്പിൽ മരണത്തിന് കീഴടങ്ങി അവർ ആ ശവം പോലും കൊടുത്തില്ല അച്ഛനോട് ജോലി ചെയ്ത ആർക്കും അദ്ദേഹം എവിടെപ്പോയി എന്ന് അറിയില്ലായിരുന്നു ആ പെൺകുട്ടി അച്ഛന്റെ മരണം അറിയാതെ ആ കുട്ടി വളർന്നു അങ്ങനെ മുത്തശ്ശിക്കും മരണത്തിനു കീഴടങ്ങേണ്ടി വന്നു അവൾ ഒറ്റയ്ക്കായി അങ്ങനെ ഒരുനാൾ ഒരു കത്ത് വരുകയായി അന്ന് അവൾ അറിയുന്നു അവളുടെ അച്ഛന്റെ മരണവാർത്ത അവൾക്കത് സഹിക്കാൻ കഴിയാതായി അങ്ങനെ ഒരു രാഹുവിന്റെ സുഹൃത്ത് ലീന അവളെ കാണുവാൻ വീട്ടിലെത്തി. അവൾ മാസങ്ങളായി കോളേജിൽ വന്നിട്ട് അവിടെ അവളുടെ ദുഃഖം കണ്ടുനിൽക്കുവാൻ കഴിഞ്ഞില്ല ലീന പറഞ്ഞു രാഹു നീ വിഷമിക്കേണ്ട ഞാനുണ്ട് നിന്റെ കൂടെ അതു കേട്ടതും അവൾക്കും ഒരു പ്രകാശം തന്റെ ജീവിതത്തിൽ വന്നതുപോലെ തോന്നി അങ്ങനെ രാഹുലീനയുടെ സഹായത്തോടെ മുന്നേറുവാൻ തുടങ്ങി. അങ്ങനെ രാഹു മുന്നേറി തുടങ്ങിവെച്ചടിവെച്ചടി കയറുവാൻ തുടങ്ങി അങ്ങനെഒരിക്കൽ ക്ലാസ്സിൽ ടീച്ചർ ചോദിച്ചു നിങ്ങൾക്കാരാവാൻ ആണ് ആഗ്രഹം രാഹു ഉയർത്തി പറഞ്ഞു "THE HEAD OF THE SOLDIER". അങ്ങനെ പഠിച്ച രാഗം മുന്നേറി തുടങ്ങി അങ്ങനെ അവളുടെ ആഗ്രഹം സഫലമായി അവളുടെ അച്ഛന്റെ സ്വപ്നം എന്നും ഓർത്തു ഇന്ത്യയെ കാത്തുസൂക്ഷിക്കുക ഇന്ത്യ ജീവനാണ് ജീവനുതുല്യമാണ് ഇന്ത്യ. അങ്ങനെ പട്ടാളക്കാരുടെ തലവനായി രാഗു മാറി അങ്ങനെ അച്ഛന്റെ സ്വപ്നം സഫലമായി ഇതുപോലെ നമ്മൾ എത്ര വലിയ ദുഃഖത്തിലായാലും നമ്മളെ കൈപിടിച്ച് ഉയർത്തുവാൻ ഒരാൾ വരും നമുക്ക് ഒരുപാട് പ്രശ്നങ്ങൾ വരും രാഹുവിനെ പോലെ അതെല്ലാം അതിജീവിച്ച് മുന്നേറുക. മനസ്സിനെ ഒരിക്കലും വേദനിപ്പിക്കരുത്. മനസ്സിൽ ശരിയെന്നു തോന്നുന്നത് മാത്രമേ നമ്മൾ ഏതൊരു പ്രശ്നത്തിൽ നിന്ന് രക്ഷിക്കാൻ കഴിയൂ. മനസ്സിനെ ഓരോ കാര്യവും ഓർത്ത് സങ്കടപ്പെടുത്താതെ സന്തോഷത്തിന്റെ വാതിൽ തുറന്ന് നൽകുക അങ്ങനെ അവസാനം രാഗു ജീവിതത്തിൽ വിജയിച്ചു അവിടെ ജീവിതലക്ഷ്യമാണ് അവൾ പൂർത്തിയാക്കിയത് നമ്മളും ലക്ഷ്യം വെച്ച് മുന്നോട്ട് കുതിക്കുക പലതടസ്സവും നമ്മളെ തടയുവാൻ ശ്രമിക്കും തോൽക്കാതെ വിജയിക്കണം.

ശീതൾശശി

# MOTHERHOOD



In a busy metropolitan city, a small family lived in a standard flat. They were quite rich, and led a busy life. Mom and dad were fully occupied with work and their only son, raghav, was in VII* grade.

Raghav was always lonely after he used to come to home from school he used to run to his neighbour's house, miss Nanditha, a youngster, who has recently got a job and moved in to the city was his favorite neighbour. She was beautiful like her mom, had long hour and made delicious foods, raghav was always happy to go to her house.

They used to play a lot, chat a lot and a love all Nanditha was like a mom to Raghav, providing him with care and support whenever he was really in need. With time, their bond grew stronger, Raghav started to call her!" Mummy " Nanditha wasn't angry she used to like it calling her 'mom' most of the days white their parents used to have might shifts. Raghav slept in nanditha house, ate from there and studied from her house.

Raghav started getting more comfortable with nanditha. A son and a mother bond was formed between them. Raghav still felt in secure thougt, often he longed if his own mother would spend time with him but it never happenned few years passed, raghav entered 12th grade. He had completely changed he stopped visiting miss nandithas house he started spending time alone in a locked rooms and started to not go to school regularly. He started to have bad company and this made his parents quite worried but their always to day life strees didn't allow them to spend. time in vestigating the reason.

On one sunday afternoon, raghav, with his pale face, almost skeleton body and red eyes went back to his room but forgot to lock the does raghavs mom, maya, was curious and went to look what raghav was upto she was shocked she yelled raaaghaaavvv!!!! What are you doing my son!!!! What is all this!!! She started to weep and called her husband -he came running and they witnessed the most heart breaking movement.................!!!

Theertha S Jolly

# സ്നേഹിക്കേണമെല്ലാവരും

സ്നേഹിക്കുന്നിതാ മനുഷ്യർസ്നേഹമാണ്
ജീവിതം
സ്നേഹിക്കുന്നവരെല്ലാം ദൈവമാണെന്നർത്ഥ
മോതുന്നു പലരും
വെറുക്കുന്നു പലരുംഅവരെ നാം മാറ്റി നിർത്തുന്നു
സ്നേഹിക്കണം എല്ലാവരും
സ്നേഹത്തിനു മുൻപിൽ ആരും തോൽക്കും
മനസ്സിൽ സ്നേഹമുള്ളവർ മുന്നേറുക തന്നെ
ചെയ്യും
മനസ്സിൽ വെറുപ്പുള്ളവർ എന്നുമെന്നും പരാജയം
ആകുന്നു
സ്നേഹിക്കുന്നവർക്ക് ജാതിയോ മതമോ ആവശ്യമില്ല
ജാതിയോ..... മതമോ..... ആവശ്യമില്ല
സ്നേഹം എന്നും നിലനിൽക്കുന്നു
മധുരമായി സ്നേഹം മനസ്സിൽ വിടരുന്നു
മനസ്സിൽ...... വിടരുന്നു......
ശേഷിക്കുന്ന കൊച്ചു കുരുന്നിനെ
മാറോട് ചേർത്ത് സ്നേഹിച്ചിടണം
മാറോട് ചേർത്ത്
സ്നേഹിച്ചിടേണം...

തപസ്യ ഗോപാലൻ

# MY TRAVELOGUE

Last sunday. I visited the zoo with my family.It was a perfect sunny day to visit the zoo. We reached the zoo at 10 am.We saw a huge crowd gathering in front of the gate. After buying tickets we entered in the zoo. There i saw a big and old tortoise. Then i saw elephants, giraffes, zebras, tigers, lions, crocodiles,birds and snakes. Among all the animals i liked the elephant most. It was eating grass, leaves and plantain. Giraffes and zebras also were eating grass and leaves. Tigers, crocodiles and lions are flesh eaters. I also visited
the cage of a gorilla who
had man-like gestures.
We enjoy the visit very much.

By,Vasudev.MR

# ഭൂമിയുടെ നാളുകൾ

ഒരു സ്വപ്നമീ സുന്ദര ഭൂമി
ഒരുനാൾ കഴിയുമീ ഭൂമി
കഥകഴിയും ദിവസത്തിനായി-
കാത്തിരിക്കുന്നീഭൂമി

മനുഷ്യന്റെ ജീവിതഫലമീ ദുരിതം
ഭൂമിഎന്തിനിനിഅനുഭവിക്കണമിത്
ഒന്നു പൊട്ടിത്തെറിച്ചു കൂടെ ഭൂമിക്ക്
ശബ്ദിച്ചൂടെ... ഇനിയെങ്കിലും

എന്തിനിനി ഭൂമി നീ കരയുന്നു
ഇനി ഒരിക്കലും തിരിച്ചു വരില്ല
എന്നു നീ പറഞ്ഞപ്പോൾ
തള്ളിക്കളഞ്ഞു ഈ മനുഷ്യർ

സുന്ദരമായ ഭൂമിയെ പീഡിപ്പിക്കുന്നു മനുഷ്യർ
അവർ അവളെ ചൂഷണം ചെയ്യുന്നു

അവളുടെ കൈകൾ മുറിച്ചുമാറ്റുന്നു
അവളുടെ നെഞ്ച്തകർക്കുന്നു
അവളുടെ വസ്ത്രങ്ങൾ തീയാൽ-
ചുട്ടെരിക്കുന്നു
അവളെ കാർബൺ ഡൈ ഓക്സൈഡാൽ
ശ്വാസംമുട്ടിക്കുന്നു
നിർത്തു.. നിർത്തു

ഇതിനുമാത്രം ഞാൻ എന്ത് തെറ്റാ ചെയ്തത്?
മനുഷ്യനെ സംരക്ഷിച്ചതോ?
അവനെ ജീവിക്കാൻ പഠിപ്പിച്ചതോ?
പറയൂ.... പറയൂ....

ദേവശില്പ ജെ

# ആന



ആനയ്ക്കെന്തൊരഹങ്കാരം
ആരുണ്ടെന്നെ ജയിച്ചിടാൻ.
ആഹാതുമ്പിക്കൈയിമേൽ
ആഞ്ഞു കടിച്ചു കുഞ്ഞനുറുമ്പ്.
കടി കൊണ്ടാന പിടയുന്നു
പിടിവിട്ടോടാൻ വെമ്പുന്നു .
കുഞ്ഞനുറുമ്പ് പിടിവിട്ടില്ല.
വേദന കൊണ്ടാന പിടയുന്നു
കുഞ്ഞനുറുമ്പ് പിടിവിട്ടപ്പോൾ
ആന കരഞ്ഞു സ്ഥലം വിട്ടു.

വൈഗ അനൂപ്

# IMPORTANCE OF TECHNOLOGY IN EDUCATION



The role of technology in education is immense. The learning process for the students becomes easier as the technology progress.Technology that are used in school and collages such as having computer labs and using high end devices and instrument make it easy for understand the concepts. Technology provides student with access to countless online resources, encouraging them to carry out research and therefore become more independent .It also simplifies learning by making concepts more digestible, for  example ,through an instructional video.

*Limitation - The biggest concern to the use of technology is that how easy pornographic,violent and other inappropriate materials can be easily accessed and viewed. The harmful effect of technology is that when people are attached to their screens alomost 24/7 which is causing an entirely new set of social issues to top up

By
Anandhu.P. Shibu

# ഒരു കൊച്ചു പൂങ്കാവനം







പൂക്കൾ വിരിയുന്ന കാലത്ത്

ഞാനൊന്ന് പൂമ്പാറ്റയായി പറന്നുനിന്നു

ആ പൂക്കളിൽ ഞാനൊന്ന് തൊട്ടു തലോടിയൻ മനമാകെ

പൂക്കാലമായിരുന്നു

എൻ മനമാകെ പൂക്കാലം ആയിരുന്നു

പൂങ്കാവനത്തിൽ അങ്ങോടി നടന്നു

കളിച്ചിടുമ്പോൾ അവിടെ ആയി മഴവില്ലിൻ

മകൾ പോലെ ഒരു കൊച്ചു പൂമ്പാറ്റ ഇങ്ങു വന്നു.

ആ കൊച്ചു പൂമ്പാറ്റ ഒരു കൊച്ചു പൂവിൽ നിന്ന്

മധു നുകരുന്ന കാഴ്ച ഞാൻ കണ്ടിരുന്നു

ഒരു കൊച്ചു പൂവിൽ നിന്നും

മധു നുകരുന്ന കാഴ്ച ഞാൻ കണ്ടിരുന്നു

തപസ്യ ഗോപാലൻ

# वे दिन



वे दिन कितना अच्छा था
कितना खुशी का दिन था
मेरे जीवन में  अच्छे यादें आये थे
वाह वाह कितना सुंदर थे वे दिन
सुख से भरे हुए थे वे दिन
चेहरे में  मुस्कुराहट फैला है
क्षण क्षण में सुख की  शीतलता
फैल आती है वे दिन
दिल में रंगों से भरे हुए थे
मन में सुख की वर्षा बरसाती थी
हर एक पल में  सुखमय जिंदगी भरा था वे दिन

# എന്റെ പുലരികൾ

ഇരുളിന്നേകാന്തതയ്ക്കന്ത്യം കുറിച്ചു കൊണ്ടൊരു
പുലരി കൂടി എന്നരികത്തണയവേ
നിദ്രതൻ മടിയിൽ നിന്നെന്നെയുണർത്തിയ
പുലർകാലവേളതൻ നിവാർന്നചാരുത
എൻ ഹൃദയത്തിലേക്കു ഞാൻ പകർന്നീടവേ
അർക്കന്റെ ദീപ്തിയാൽ മിന്നിത്തിളങ്ങിടും
പുൽക്കൊടിത്തുമ്പിലെ ഹിമകണവും
വിടരാൻ തുടങ്ങുന്ന പൂമൊട്ടിൻ കാന്തിയും
ഓളങ്ങളില്ലാതെ അനസ്യൂതമൊഴുകുന്ന
കുഞ്ഞരുവി തന്നിലെ ശാന്തതയും
തൊടിയിലെ തേന്മാവിൻ  ചില്ലകളിലൊന്നിൽ
നിന്നുയരുമൊരു കുയിലിൻ്റ കൂജനവും
മുറ്റത്തെ കോണിലായ്  പൂത്തുനിൽക്കുന്നൊരാ
കുടമുല്ലപ്പൂവുതൻ സൗരഭ്യവും
ഈ പുലരിയെ മറ്റൊരു പൂന്തിങ്കളാക്കവെ
ഇനിയുമൊരു പുലരിയുടെ വരവിനായി
എൻ അന്തരംഗം കൊതിച്ചിടുന്നു
എൻ അന്തരംഗം കൊതിച്ചിടുന്നു.

ആര്യമോൾ സി.എസ്




# ലഹരി അരങ്ങുവാഴുന്ന കേരളം

ഇന്ന് കേരള സമൂഹത്തിൽ എല്ലായിടത്തും കാണുന്ന ഒന്നാണല്ലോ ലഹരി. ചെറിയ കുട്ടികൾ മുതൽ പ്രായമായ യുവാക്കൾ വരെയും ഇതിന് അടിമപ്പെടുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം ഇതിന്റെ വ്യാപാരം നടക്കുന്നു. ആദ്യകാലങ്ങളിൽ മദ്യമായിരുന്നു മനുഷ്യസമൂഹത്തെ വേട്ടയാടിയിരുന്നത്. എന്നാൽ ഇന്ന് അത് മദ്യലഹരിയിൽ നിന്ന് മയക്കമരുന്നിലേക്കായി. ആധുനിക സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി മാറിക്കുകയാണ് ഈ വിപത്ത്.

. അന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റു കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന കഞ്ചാവ്, MDMA, തുടങ്ങി ലക്ഷങ്ങൾ വരെ വിലയുള്ള മയക്കമരുന്നുകളാണ് ആധുനിക കേരളത്തിൽ നടമാടുന്നത്. ഒരുതവണ മയക്കമരുന്ന് ഉപയോഗിച്ചാൽ മതിഅതിനോട് ആ ശക്തി ഉണ്ടാവാൻ. പോലീസ് ലഹരിയെ ചേർക്കാൻ സ്കൂളുകളിൽ മുതൽ വിവിധ ഓഫീസ് സ്ഥാപനങ്ങളിൽ വരെയും വിവിധ കൗൺസിലിംഗ് ക്ലാസുകൾ നടത്തുന്നു എന്നാൽ ലഹരിയെ ചെറുക്കാൻ അത്ര എളുപ്പമല്ല. പോലീസിന്റെ റിപ്പോർട്ട് പ്രകാരം 10 - 25 വയസ്സിനിടയിലുള്ളവരാണ് ഇതിൽ കൂടുതലായി അടിമപ്പെടുന്നത് ഒരിക്കൽ ഉപയോഗിച്ചാൽ ഇനിയും ഉപയോഗിക്കണമെന്ന് പ്രേരണയിൽ വീണ്ടും വീണ്ടും ഉപയോഗിക്കുന്നു. എന്നാൽ പതുക്കെ പതുക്കെ ലഹരിയുടെ വില കൂടുമ്പോൾ ഏതു വിധവും പണമുണ്ടാക്കി ലഹരി വാങ്ങാൻ കുട്ടികൾ തയ്യാറാകുന്നു.വീട്ടിൽ നിന്നും ആരും അറിയാതെ പണം മോഷ്ടിച്ച ലഹരി വാങ്ങുന്ന കുട്ടികളും ഇന്ന് സമൂഹത്തിൽ ധാരാളമാണ്.

സമൂഹത്തിൽ പണ്ട് ഉണ്ടായിരുന്ന സുരക്ഷിതത്വം സമാധാനവും ഇന്നത്തെ കാലത്ത് ലഭിക്കുന്നില്ല. കേരളത്തിൽ മയക്കമരുന്ന് കേസിൽ പോലീസ് കസ്റ്റഡിയിൽ ആകുന്ന പ്രതികളുടെ ലിസ്റ്റ് പരിശോധിക്കുന്നു ആണെങ്കിൽ ഇവരിൽ പലരും കൊലപാതകം അടക്കമുള്ള കുറ്റകൃത്യങ്ങൾ ചെയ്തവരാണ്. ഈയടുത്ത് കോട്ടയം ജില്ലയിൽ ഒരു അധ്യാപകൻ മയക്കമരുന്ന് അടിമപ്പെട്ട് ഒരു യുവ ഡോക്ടറെ കൊന്ന സംഭവം ഇതിന്റെ ഭീകരത കേരളത്തോട് വിളിച്ചു പറയുന്നു. മയക്കമരുന്ന് അടിത്തറപ്പെട്ട സ്വന്തം അച്ഛനെയും അമ്മയെയും കൊലപ്പെടുത്തുന്ന വാർത്തകൾ വരെ ഇപ്പോൾ പരിചിതമായിരിക്കുന്നു. ഇന്നത്തെ കാലത്ത് സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങളുടെ ഒരു പ്രധാന കാരണം ലഹരിയാണ്. ലഹരിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നീടുള്ള കാര്യങ്ങളെക്കുറിച്ച് അവർ ബോധവാന്മാരല്ല. ലഹരി ദീർഘനാൾ ഉപയോഗിച്ച് പിന്നെ ഭ്രാന്തരായി

അലയുന്നവരുടെ വാർത്തകളും നമുക്ക് സുപരിചിതമാണ്.



ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ച് അറിയാമായിരുന്നിട്ടും ലഹരിക്ക് അടിമപ്പെടുന്ന കൗമാരക്കാർ ഇന്ന് ഏറെയാണ്. സ്കൂളുകളിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ സജീവമാണ്. എന്നിരുന്നാൽ കൂടി ലഹരി മൂലമുള്ള ആരോഗ്യം മാനസിക പ്രശ്നങ്ങൾ ബാധിച്ചവർ നമ്മുടെ സമൂഹത്തിൽ ഇന്ന് അധികമാണ്. എല്ലാരും അംഗങ്ങളിലും ലഹരിയുടെ സാന്നിധ്യം പ്രകടമാണ്. കായിക സിനിമ രംഗങ്ങളിലുള്ളവരെയും ലഹരി അടിമപ്പെടുത്തുന്ന എന്ന വാർത്ത കേരളത്തിന് നാണക്കേട് ഉണ്ടാക്കുന്നു. "ദൈവത്തിന്റെ സ്വന്തം നാട്" എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിൽ ലഹരി ഉണ്ടാക്കുന്ന സാമൂഹിക വിപത്തുകൾ ചെറുതല്ല. കോവിഡ് കാലത്തിനുശേഷമാണ് ലഹരിയുടെ വിനിമയം കൂടുതൽ എന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. ലഹരിക്കടിമപ്പെട്ട ചെയ്യുന്നതെല്ലാം തെറ്റാണ് എന്ന് കരുതുന്ന കുട്ടികൾ പിന്നീട് ആത്മഹത്യയ്ക്ക് തയ്യാറാകുന്നു. വിവിധ സ്ഥലങ്ങളിലും ഹോസ്റ്റലുകളിലും എല്ലാം ലഹരി ഉപയോഗിക്കാൻ നിർബന്ധിക്കുന്ന കുട്ടികളുമുണ്ട്. അതുമൂലമുള്ള സമ്മർദ്ദത്താൽ ആത്മഹത്യ ചെയ്യുന്നവരും ഏറെയാണ്. സ്കൂളുകളിൽ NCC, SPC തുടങ്ങിയ പോലീസ് അംഗങ്ങളുടെ പ്രവർത്തനം സ്കൂളുകളിൽ ഒരു പരിധിവരെ ലഹരിക്ക് തടയിടുന്നു. എന്നിരുന്നാലും കുട്ടികളുടെ കാര്യങ്ങളിൽജോലി തിരക്കു മൂലം ശ്രദ്ധിക്കാൻ കഴിയാതെ വരുന്ന മാതാപിതാക്കൾ ആധുനിക കേരളത്തിൽ ഇന്ന് ഏറെയാണ്.വീട്ടിലും സ്കൂളിലും എന്തൊക്കെ ചെയ്യുന്നു. എന്ന് അന്വേഷിക്കാതെ മാതാപിതാക്കൾ കുട്ടികൾ ലഹരിക്ക് അടിമപ്പെട്ടു എന്ന് അറിയുമ്പോൾ അപ്പോൾ വിഷമിച്ചിട്ട് കാര്യമില്ല. സിഗരറ്റ്, ബീഡി, പാൻമസാല, ഹാൻസ് എന്നിവയുടെപേരുകൾ കുട്ടികൾ വളരെ പരിചിതമായാണ് സംസാരിക്കുന്നത്.

കേരള സമൂഹത്തിൽ നിന്നും ലഹരിയെ പുറന്തള്ളാൻ പെട്ടെന്ന് കഴിയില്ലെങ്കിലും അതിനായുള്ള ശ്രമങ്ങൾ ധാരാളം നടക്കുന്നുണ്ട്. വാനയനയിലൂടെയും മറ്റു ഫുട്ബോൾ ക്രിക്കറ്റ് മുതലായ കായിക പരമായ കളികളിലും കുട്ടികളെ ഏർപ്പെടുത്താൻ ഉള്ള വഴിബോധവൽക്കരണ ക്ലാസുകൾ വഴി SPC NCC മുതലായ സംവിധാനങ്ങൾ കലാപരവും സാഹിത്യപരവുമായ കാര്യങ്ങളിൽ കുട്ടികളെ ഏർപ്പെടുത്താനുള്ള വഴി തോന്നലോ തുടങ്ങി കുട്ടികളുടെ മനസ്സിനെ ലഹരിയിൽ നിന്നും മാറ്റി അവരുടെ ചിന്തകളും കഴിവും രാജ്യത്തെ എങ്ങനെ വികസിപ്പിക്കാം എന്നതിലേക്ക് തിരിക്കണം. നമ്മുടെ നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമെല്ലാം ലഹരിയുടെ വ്യാപനം നടക്കണമെങ്കിൽ അവരെ നാട്ടിലെ ക്ലബ്ബിലും എല്ലാം ഉൾപ്പെടുത്തണം. മക്കളുടെ താളത്തിനൊത്ത അവൾക്കെല്ലാം ചെയ്തു കൊടുക്കുന്ന മാതാപിതാക്കൾ അവർ പണവും മറ്റു സാധനങ്ങളും എന്തിനെല്ലാം വിനയോഗിക്കുന്നു എന്ന് കണ്ടെത്തണംകൂട്ടുകെട്ടുകളിലും മറ്റും ഏർപ്പെട്ട് പോകുന്നവർ ഉണ്ടെങ്കിൽ ശ്രദ്ധിക്കണം. ലഹരി സമൂഹത്തിന് അപകടകാരിയാണെന്ന ബോധം നമുക്കെല്ലാവർക്കും ഉണ്ടായിരിക്കണം. ലഹരിയെ ഒറ്റക്കെട്ടായി പ്രതിരോധിക്കാനും അതുവഴി നല്ല നിലയിൽ കേരളത്തെ പടുത്തുയർത്താനും നമുക്ക് ഓരോരുത്തർക്കും കഴിയൂ.

ദേവശില്പ ജെ

# നന്ദി